# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ജനുവരി 20 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 2

## ഭക്ഷ്യ കമ്മിഷൻ ജനസമ്പർക്ക പരിപാടി 22 ന്: പൊതുജനങ്ങൾക്ക് പരാതി നൽകാം

സംസ്ഥാന ഭക്ഷ്യ കമ്മിഷൻ ജനുവരി 22 രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒന്ന് വരെ തൃശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജനസമ്പർക്ക പരിപാടി നടത്തും. പൊതുജനങ്ങൾക്ക് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ലഭ്യത, കൃത്യത, ഗുണനിലവാരം എന്നിവ സംബന്ധിച്ചുള്ള പരാതികൾ നൽകാം.

ഇതോടൊപ്പം വനിതാ ശിശുക്ഷേമ വകുപ്പ് മുഖേന നടപ്പാക്കുന്ന ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമുള്ള ഭക്ഷ്യ സുരക്ഷാ പരിപാടികൾ, പ്രസവാനുകൂല്യം, അങ്കണവാടികൾ മുഖേനയുള്ള പോഷകാഹാര പരിപാടികൾ, പൊതുവിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണനിലവാരം എന്നിവ സംബന്ധിച്ചുള്ള പരാതികളും കമ്മിഷന് നേരിട്ട് നൽകാം. ജില്ലയിലെ വിവിധ വകുപ്പുകളിലെ ജില്ലാതല ഓഫീസർമാർ യോഗത്തിൽ പങ്കെടുക്കും.

## ഒല്ലൂക്കര കൃഷി ഭവൻ ജീവനി പദ്ധതി നടപ്പിലാക്കി

ഒല്ലൂക്കര കൃഷി ഭവൻ ജീവനി പദ്ധതിയുടെ ഉദ്ഘാടനം കോർപറേഷൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷീബ ബാബു നിർവഹിച്ചു. പരമ്പരാഗത കിഴങ്ങുവർഗ വിളകളായ അട താപ്പ്, ചെറു ചേമ്പ്, ചെറുകിഴങ്ങ്, മധുരക്കിഴങ്ങ്, കാച്ചിൽ തുടങ്ങിയവയുടെ പ്രദർശനതോട്ടമാണ് ജീവനി പദ്ധതിയിലൂടെ നടപ്പിലാക്കിയത്. കൃഷി ഓഫീസർ അപ്സര മാധവ് പദ്ധതി വിശദീകരിച്ചു. കൗൺസിലർ സതീഷ് ചന്ദ്രൻ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ സത്യവർമ, കർഷകർ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു. ജീവനി പദ്ധതി മടക്കത്തറ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി എസ് വിനയൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ഇന്ദിര മോഹൻ അധ്യക്ഷത വഹിച്ചു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സുരേഷ് കുമാർ പുളിക്കൽ, ഗോപി, സാവിത്രി, വാർഡ് മെമ്പർമാർ, കാർഷിക വികസന സമിതി അംഗങ്ങൾ, കൃഷി ഉദ്യോഗസ്ഥർ, കുടുംബശ്രീ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

## സധൈര്യം മുന്നോട്ട് - മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് രാത്രി നടത്തം സംഘടിപ്പിച്ചു

സർക്കാരിന്റെ സധൈര്യം മുന്നോട്ട് പരിപാടിയുടെ ഭാഗമായി മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്തിൽ സംഘടിപ്പിച്ച രാത്രി നടത്തം പഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ബെന്നി

ഉദ്ഘാടനം ചെയ്തു. വനിതാ ശാക്തീകരണ നടപടികളുടെ ഭാഗമായും സ്ത്രീകൾക്കെതിരെ വർധിച്ചു വരുന്ന അതിക്രമങ്ങൾക്കെതിരെ ശക്തമായ പൊതുബോധം ഉണർത്തുന്നതിനുമാണ് പരിപാടി നടത്തിയത്. സ്ത്രീകൾക്ക് അന്യമാകുന്ന പൊതു ഇടങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ രാത്രി 9 മുതൽ 11 വരെയാണ് സ്ത്രീകൾ പൊതു നിരത്തിലിറങ്ങി നടന്നത്. പഞ്ചായത്തിലെ എല്ലാ വനിത നിർവ്വണഉദ്യോഗസ്ഥരും വനിതാ ജീവനക്കാരും കുടുംബശ്രീ പ്രവർത്തകരും ആരോഗ്യ പ്രവർത്തകരും ആശാ, അങ്കണവാടി പ്രവർത്തകരും രാത്രി നടത്തത്തിന്റെ ഭാഗമായി.

## ആദർശ ഗ്രാമമായി ചേർപ്പ്

ആദർശ ഗ്രാമ പഞ്ചായത്തായി മാറാനുള്ള ഒരുക്കത്തിലാണ് ചേർപ്പ് ഗ്രാമപഞ്ചായത്ത്. സൻസദ് ആദർശ് ഗ്രാമ യോജന അഥവാ സാഗി പദ്ധതിയുടെ ഭാഗമായി വികസന പ്രവർത്തന ങ്ങൾ നടപ്പിലാക്കാൻ ടി എൻ പ്രതാപൻ എംപിയാണ് ചേർപ്പ് ഗ്രാമപഞ്ചായത്തിനെ ദത്തെടുത്ത ത്ത്. ഇതേ തുടർന്ന് 21 വാർഡുകളുള്ള ചേർപ്പിൽ വിവിധ വകുപ്പുകളിലൂടെ വികസന പ്രവർത്തനങ്ങൾക്ക് സർക്കാർ തുടക്കം കുറിക്കുകയാണ്. പ്രാരംഭ ഘട്ടമായി വിവിധ വകുപ്പുകളെ ഏകോപിച്ച് കൊണ്ട് ചേർപ്പ് പഞ്ചായത്തിനെ മുൻ നിരയിലേക്ക് ഉയർത്തുന്നതിന് വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാൻ ജില്ലാതല ആലോചനായോഗം ജില്ലാ കളക്ടർ എസ്. ഷാനവാസിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു.

സാഗിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കാണ് ഇപ്പോൾ ലക്ഷ്യമിടുന്നത്. ആദ്യഘട്ടം മൂന്ന് ഭാഗങ്ങളായി നടപ്പിലാക്കി. വീടില്ലാത്ത ഒരു കുടുംബം പോലും ചേർപ്പ് പഞ്ചായത്ത് പരിധിയിൽ ഉണ്ടാവരുത് എന്ന ലക്ഷ്യത്തോടെ ഭവന രഹിതരായ 300 കുടുംബങ്ങളെ കണ്ടെത്തി. പത്തു പാടശേഖരം സ്ഥിതി ചെയ്യുന്ന പഞ്ചായത്ത് കൂടിയായ ചേർപ്പിൽ നെല്ല്, വാഴ, പച്ചക്കറി എന്നീ കർഷകർക്ക് വള വിതരണ സബ്സിഡി, തെങ്ങിൻ തൈകൾ, കുമ്മായ വിതരണം, ജീവനി പദ്ധതിയുടെ ഭാഗമായ ഗ്രോബാഗുകൾ തുടങ്ങി അനവധി പ്രവർത്തനങ്ങൾക്കും തുടക്കമിടുന്നു.

മണ്ണ് സംരക്ഷണ വകുപ്പിന്റെ പരിസ്ഥിതി സൗഹാർദ നയത്തെ മുൻനിർത്തി പഞ്ചായത്തിലെ തോടുകളുടെ പുനരുദ്ധാരണ പദ്ധതികൾ നടത്തും. കോൾ പടവുകളുടെ സംരക്ഷണം, ജോബ് കാർഡുകളുടെ വിതരണം, സീഡ് സ്റ്റോർ നിർമ്മാണം, അയൽക്കൂട്ട പ്രവർത്തനങ്ങൾ ബാങ്കുമായി ബന്ധിപ്പിക്കൽ, വയോജന അയൽക്കൂട്ടങ്ങൾക്ക് പകൽവീട്, വീട്ടമ്മമാർക്ക് ചെറുകിട സംരംഭങ്ങൾക്കുള്ള പരിശീലന പരിപാടികൾ, തൊഴിൽ രഹിതർക്ക് വേണ്ടി തൊഴിൽ മേളകൾ, ബാലസഭ കുട്ടികളുടെ ലൈബ്രറിയും തീയറ്ററും തുടങ്ങി വിവിധ പദ്ധതികൾ സാഗിയുടെ ഭാഗ മായി നടപ്പിലാക്കും.

കൂടാതെ കമ്യൂണിറ്റി കൗൺസിലേഴ്സ്, കേരള ചിക്കൻ ഔട്ട്ലറ്റുകൾ, ചിപ്സ് നിർമ്മാണ യൂണിറ്റ്, ക്ഷീര സാഗരം പദ്ധതി, ചേർപ്പ് ബ്രാൻഡ് തുണിസഞ്ചി നിർമ്മാണ യൂണിറ്റ്, യുവജനങ്ങൾക്ക് സ്പോർട്സ് കിറ്റ് വിതരണം, സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ, ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസ്സുകൾ, സ്കൂൾ പരിസരത്ത് ജങ്ക് ഫുഡ് നിരോധനം, പുതിയ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവ തുടങ്ങുന്നതിന് വിവിധ വകുപ്പുകൾ പഞ്ചായത്തിന് രൂപരേഖ നൽകി.

## ഗതാഗതനിയന്ത്രണം

ദേശീയപാതയിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാൽ ചേറ്റുവ പാലത്തിൽ കൂടിയുള്ള ഗതാ ഗതത്തിന് ജനുവരി 22 രാത്രി എഴ് മണി മുതൽ ജനുവരി 24 രാവിലെ എഴ് മണിവരെ വാഹനഗതാ ഗതത്തിന് ഭാഗികമായി നിയന്ത്രണമുണ്ടായിരിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അസി. എക്സി ക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

## ക്വാളിറ്റി മോണിറ്റർ ഒഴിവ്

മഹാത്മാ ഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജില്ലാ തല ക്വാളിറ്റി മോണിറ്ററിങ് ടീമിലേക്ക് തദ്ദേശ സ്വയംഭരണം, ഇറിഗേഷൻ, പൊതുമരാമത്ത്, മണ്ണ് സംരക്ഷണം തുടങ്ങിയ വകുപ്പുകൾ/ പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും സിവിൽ / അഗ്രിക്കൾച്ചർ എൻജിനിയറിങ് വിഭാഗത്തിൽ അസിസ്റ്റന്റ് എൻജിനിയർ തസ്തികയിൽ കുറയാത്ത തസ്തികയിൽ

നിന്നും വിരമിച്ചവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. പ്രായ പരിധി 65 വയസ്സ്. ഒഴിവുകളുടെ എണ്ണം 10. ഒരു ദിവസത്തെ സൈറ്റ് വിസിറ്റിന് യാത്ര ബത്ത ഉൾപ്പെടെ 1425 എന്ന പ്രതിദിന വേതന നിരക്കിൽ ഒരു മാസം പരമാവധി 21375 രൂപ വേതനം. അപേക്ഷകരിൽ നിന്നും അഭിമുഖത്തിലൂടെയാണ് നിയമനം നടത്തുക. അപേക്ഷകൾ ലഭിക്കാനുള്ള അവസാന തിയതി ജനുവരി 31 വൈകീട്ട് അഞ്ച് മണി. ബയോഡാറ്റ, വയസ്സ്, വിദ്യാഭ്യാസ യോഗ്യത, സർവീസ് രേഖ ( പെൻഷൻ പുസ്തകം മുതലായവ ) എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ജോയിന്റ് പ്രോഗ്രാം കോ - ഓർഡിനേറ്റർ, മഹാത്മാ ഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ജില്ലാ പഞ്ചായത്ത് കാര്യാലയം, അയ്യന്തോൾ പി ഒ, തൃശ്ശൂർ 680003 എന്ന വിലാസത്തിൽ അപേക്ഷ നൽകണം. ഫോൺ : 0487 2364095, 2364098.